**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4977** **20-03-2025 - ൽ മറുപടിയ്ക്ക്**

**അധ്യാപകരുടെ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൽ.പി., യു.പി., ഹൈസ്കൂൾ തലങ്ങളിലെ അധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സ്ഥലം മാറ്റം, പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവ മൂലം ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകരിൽ നിന്നും അപേക്ഷകരുടെ സർവ്വീസ് സീനിയോരിറ്റി പരിഗണിച്ചാണ് പൊതുസ്ഥലം മാറ്റം നൽകുന്നത്. കൂടാതെ പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ, അന്ധരായ ഉദ്യോഗസ്ഥർ, വികലാംഗരായ ജീവനക്കാർ തുടങ്ങിയ 20 കാറ്റഗറി വിഭാഗങ്ങൾക്ക് സ്ഥലം മാറ്റത്തിനു മുൻഗണന നൽകി വരുന്നുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യത്തിൽ സഹതാപാർഹ പരിഗണന നൽകുന്നുണ്ട്. വിരമിക്കാൻ ഒരു വർഷം മാത്രം ബാക്കി ഉള്ള ജീവനക്കാർക്കും പ്രത്യേക പരിഗണന നൽകുന്നുണ്ട്. |
| (ബി) | ഒരേ സ്കൂളിൽ തന്നെ കൂടുതൽ കാലം ജോലി ചെയ്യുന്ന അധ്യാപകർക്ക് മറ്റ് സ്കൂളുകളിലേക്ക് സ്ഥലം മാറ്റം നൽകുന്നതിന് എത്ര വർഷത്തെ കാലയളവാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ കാലയളവ് നിശ്ചയിച്ചിട്ടില്ല. |
| (സി) | ഒരേ സ്കൂളിൽ തന്നെ ജോലി ചെയ്യുന്ന അധ്യാപകർക്ക് മൂന്ന് വർഷം കൂടുമ്പോൾ സ്ഥലംമാറ്റം നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ